# പള്ളികുദാശാക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### യോഹ 2,13-22

**_"ക്രിസ്തു പറഞ്ഞു: എൻെറ ഭവനം_**
**_എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും_**
**_എന്ന് എഴുതപ്പെട്ടിട്ടില്ലേ?_**
**_നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു."_**

*ദേഹം ദേവാലയമായി കാണണം! ദേഹം ദേവാലയമായി കാണുന്നിടത്ത് മരവിച്ച മനുഷ്യത്വം ജീവൻ വയ്ക്കും.*

ക്രിസ്തു പഠിപ്പിച്ചു,

"എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും."

യഹൂദർ അവനോടു ചോദിച്ചു,

"ഇതു ചെയ്യുവാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക?"

യേശു മറുപടി പറഞ്ഞു,

"നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും."

യഹൂദർ ചോദിച്ചു,

"ഈ ദേവാലയം പണിയുവാൻ നാൽപത്താറു സംവത്സരമെടുത്തു. വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ?"

*അവൻ പറഞ്ഞത് തൻെറ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്.* (യോഹ 2,17 - 21).

പൗലോസ്ലീഹയുടെ വലിയ ബോദ്ധ്യം കോറിന്തോസുക്കാർക്കുള്ള ഒന്നാം ലേഖനം ആറാം അദ്ധ്യായം പത്തൊമ്പതാം വാക്യത്തിൽ രേഖപ്പെടുത്തുന്നുണ്ട്. "ശരീരം ദേവാലയമാണ്." പൗലോസ്ലീഹായുടെ ഈ ബോദ്ധ്യത്തിന് അടിസ്ഥാനമായി നിൽക്കുന്നത് ക്രിസ്തുവിന്റെ ദേവാലയത്തെ കുറിച്ചിട്ടുള്ള പഠനങ്ങളാണെന്ന് നിസംശയം പറയാം. കാരണം, വചനത്തിൽ കർത്താവ് കൂട്ടിച്ചേർക്കുന്നുണ്ട്, "അവൻ പറഞ്ഞത് തൻെറ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്. അവൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവൻെറ ശിഷ്യൻമാർ അവൻ ഇതു പറഞ്ഞിരുന്നുവെന്ന് ഓർമിക്കുകയും വിശ്വസിക്കുകയും ചെയ്തു" (യോഹ 2,21- 22).

ചുരുക്കത്തിൽ, വചനഭാഗത്തിലൂടെ ദേഹം ദേവാലയമെന്ന് പഠിപ്പിക്കുന്ന ഈശോ ഇന്ന് നമ്മുടെ ശരീരമാകുന്ന ദേവാലയത്തിലേയ്ക്ക് നേക്കാനാണ് ആഹ്വാനം ചെയ്യുന്നത്. ദേവാലയം അത് വിശുദ്ധമായിരിക്കണം. എങ്കിൽ, ദൈവം വസിക്കുന്ന എന്റെ ശരീരമാകുന്ന ദേവാലയവും വിശുദ്ധമായിരിക്കണം. നിത്യവും ആവർത്തിക്കുന്ന പാപങ്ങൾക്കൊപ്പം, ചില തഴക്കദോഷങ്ങളും കണ്ടില്ല എന്ന് വച്ച് കണ്ണടച്ച് വിടുമ്പോൾ ദൈവം വസിക്കുന്ന ദേഹമാകുന്ന ദേവാലയത്തിന്റെ വിശുദ്ധിക്ക് നാം തുരങ്കം വയ്ക്കുകയാണ്.

കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്ന വരെയും ദേവാലയത്തിൽ ക്രിസ്തു കാണുമ്പോൾ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടുംകൂടെ ദേവാലയത്തിൽനിന്നു

പുറത്താക്കുന്നു. നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്യുന്നു. പ്രാവുകളെ വിൽക്കുന്നവരോട് അവൻ കൽപിക്കുന്നു: ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുവിൻ. എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്ന് നിങ്ങൾക്കറിവില്ലേ?

ശരീരമാകുന്ന ദേവാലയത്തെ കുറിച്ചും അവശ്യം നാം സ്വന്തമാക്കേണ്ട തീക്ഷ്ണതയും ഇതു തന്നെയാണ്. "വിശുദ്ധ കച്ചവടങ്ങൾ" എന്നുള്ള പേരിലാണ് ജെറുസലേം ദേവാലയത്തിൽ വിനിമയങ്ങൾ നടന്നുകൊണ്ടിരുന്നത്. എന്നാൽ, ദൈവത്തിന്റെ കണ്ണിൽ അത് "വിശുദ്ധ കച്ചവടങ്ങൾ" അല്ലായിരുന്നു. പലപ്പോഴും, ദേവാലയമാകുന്ന ദേഹത്തിന്റെ വിശുദ്ധിക്ക് യോജിക്കാത്ത മനുഷ്യന്റെ കണ്ണിലെ "വിശുദ്ധ കച്ചവടങ്ങൾക്ക്" നാം നമ്മുടെ ശരീരത്തെ വിട്ടു കൊടുക്കാറുണ്ട്. അടിസ്ഥാനപരമായി, ദേവാലയം കച്ചവട സ്ഥലമല്ല. അതുപോലെ തന്നെയാണ് ശരീരവും. കച്ചവടം ചെയ്യാനും വിനിമയം ചെയ്യാനുമുള്ള ഇടമല്ല ദേഹം.

"ക്രിസ്തു അവരെ പഠിപ്പിച്ചു; എൻെറ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു" (മർക്കോ 11,17). ദേവാലയം സകല ജനങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയമാണ്. പക്ഷെ, ഇന്ന് ദേവാലയത്തിൽ നടക്കുന്നത് പ്രാർത്ഥനകളെക്കാൾ അധികമായി മറ്റെന്തൊക്കെയോ ആണ്. പള്ളിയിലും, പള്ളി പരിസരത്തിലും ഒരുപാട് ആളുകൾ ഉണ്ട്. കാരണം, ദേവാലയവും ദേവാലയ ബന്ധവും സമൂഹത്തിൽ വ്യക്തിക്കും, കുടുംബത്തിനും നൽകുന്ന 'സ്റ്റാറ്റസ്' വളരെ വലുതാണ്. എന്നാൽ, പ്രാർത്ഥിക്കാനായ് ദേവാലയത്തിൽ എത്തുന്നവരുടെ എണ്ണം തുലോം തുശ്ചവുമായിക്കൊണ്ടിരിക്കുന്നു. വളരെ രസകരമായ ഒരു സംഭവം കേട്ടിട്ടുണ്ട്.

> *തിന്മക്കെതിരെ മുഖം ചുവപ്പിക്കുന്ന കർത്താവിനെയാണ് വചനം പങ്കുവയ്ക്കുന്നത്. നീ തിന്മയെ വച്ച് പൊറുപ്പിക്കുന്നവനോ? അതോ, പൊറുപ്പിക്കാത്തവനോ?*

മൂന്നു ക്രിസ്ത്യൻ പുരോഹിതന്മാർ സംസാരിക്കുകയായിരുന്നു.

ഒന്നാമത്തെ പുരോഹിതൻ പറഞ്ഞു,

"എന്റെ പള്ളിയിലും പള്ളിമേടയിലും വല്ലാത്ത എലിശല്ല്യം. ഒക്കെ കരണ്ടു നശിപ്പിക്കും. രാത്രിയായാൽ ഓട്ടവും പാച്ചിലും ബഹളവും തന്നെ. എന്തൊക്കെ ചെയ്തിട്ടും ഒരു കാര്യവുമില്ല, ഓരോ ദിവസവും ചെല്ലുംതോറും കൂടുന്നല്ലതെ കുറയുന്നില്ല!"

ഇത് കേട്ട രണ്ടാമത്തെ പുരോഹിതനും ആത്മഗതം ചെയ്യുകയാണ്;

"എന്റെ പള്ളിയിലും ഇതു തന്നെയാണ് വലിയ പ്രശ്നം. ഭയങ്കര എലിശല്ല്യമാണ്. പല പ്രതിക്രിയകളും ചെയ്തു നോക്കി. ഒരു രക്ഷയുമില്ല. ഇനി, എന്ത് ചെയ്താലാണാവോ ഈ എലികളെ ഒന്നു ഒതുക്കുവാൻ പറ്റുക?"

ഇതു രണ്ടും കേട്ട മൂന്നാമത്തെ പുരോഹിതൻ മറ്റ് രണ്ട് പുരോഹിതൻമാരോടുമായി പറയുകയാണ്;

"എനിക്കും ഇവറ്റകളെ കൊണ്ടു പൊറുതികേടായിരുന്നു. അറ്റ കൈയ്ക്കു ഞാനൊരു പണി ചെയ്തു. എല്ലാറ്റിനെയും പിടിച്ചങ്ങു മാമോദീസ മുക്കി സഭയിൽ ചേർത്തു. പിന്നിതുവരെ ആ എലികളെ പള്ളിപരിസരത്തോട്ടു കണ്ടിട്ടില്ല!"

തലയിൽ മാമ്മോദീസ വെള്ളം വീഴുക എന്നതും, തോമാശ്ലീഹ നേരിട്ട് മാമ്മോദീസ മുക്കിയ തറവാട്ടിലെ അംഗമാണ് ഞാൻ എന്നു പറയുന്നതും, ലോകത്തിലെ ഏറ്റവും വലിയ പള്ളിയാണ് എന്റെ ഇടവക ദേവാലയം എന്നു പറയുന്നതും ഇന്ന് അഭിമാനത്തിന്റെ മാത്രം പ്രശ്നമായ് നിലകൊള്ളുകയാണ്. വിചാരത്തിൽ നിന്ന് വികാരത്തിലേയ്ക്ക് നയിക്കുന്നതിന്റെ വലിയ പ്രശ്നമാണിത്. മതം ഒരു വികാരമായി മാറ്റപ്പെടുന്നു. സകലജനത്തിനും വേണ്ടി പ്രാർത്ഥക്കാനുള്ള ദേവലയം ചില വ്യക്തികൾക്ക് മാത്രമായി പാർശ്വവത്കരിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ

പ്രാർത്ഥിക്കുവാനായ് ദേവാലയത്തിൽ ചെന്നാലും പ്രാർത്ഥിക്കുവാൻ തോന്നുന്നില്ല. മറിച്ച്, തന്റെ പണക്കൊഴുപ്പും, പത്രാസും, വസ്ത്രം കൊണ്ടും നിൽപ്പു കൊണ്ടും നടപ്പു കൊണ്ടും എന്തിനേറെ, നോട്ടം കൊണ്ടു പോലും 'ഫാഷൻ പരേട്' കാണിച്ച് ദേവാലയത്തിൽ നിന്ന പടിയിറങ്ങുന്നു.

കയറുകൊണ്ട് ചാട്ടയുണ്ടാക്കുന്ന കർത്താവ് ആ ചാട്ടകൊണ്ട് ആരെയെങ്കിലും തല്ലുന്നതായോ പ്രഹരിക്കുന്നതായോ ഒരു സുവിശേഷകനും സമർത്ഥിക്കുന്നില്ല (മത്തായി 21,12-13; മർക്കോസ് 11,5-17; ലൂക്കാ 19,45-46; യോഹ 2,13-22). വടിയുമായ് വരുന്ന അദ്ധ്യാപകർ തല്ലണമെന്നില്ല. ചുരുക്കത്തിൽ, തെറ്റ് തിരുത്തിക്കുവാൻ ശാരീരികമായി ഉപദ്രവിക്കണമെന്ന് ഒരു നിർബന്ധവുമില്ല. പിതാവിന്റെ ആലയം കച്ചവടസ്ഥലമാക്കിയ ജനത്തോട് തീർത്താൽ തീരാത്ത അമർഷം ഉള്ളിൽ കുടി കൊള്ളുമ്പോഴും അവൻ ശാന്തതയും സംയമനവും കൈവെടിഞ്ഞില്ല.

ദേവാലയ ശുദ്ധീകരണം സഭയും ലോകവും തമ്മിലുള്ള അന്തരത്തെയാണ് ക്രിസ്തു വരച്ച് കാണിക്കുന്നുത്!

"ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്താ 11,29).

ഒരിക്കൽ ഒരു ഗുരു തന്റെ ശിഷ്യന്മാരോട് ചോദിച്ചു;

"മനുഷ്യർ ദ്വേഷ്യപ്പെടുമ്പോൾ എന്ത് കൊണ്ടാണ് ഉച്ചത്തിൽ സംസാരിക്കുന്നത്?"

ശിഷ്യന്മാർ ഏറെ നേരത്തെ ആലോചനയ്ക്ക് ശേഷം മറുപടി നൽകി;

"മനസ്സിൽ ദ്വേഷ്യം നുരഞ്ഞു പൊന്തുമ്പോൾ ശാന്തത നഷ്ടപ്പെടും; അതുകൊണ്ട്."

"'അതിനു തൊട്ടടുത്തു നില്ക്കുന്ന ആളോട് ഉറക്കെ സംസാരിക്കേണ്ടതുണ്ടോ? ശബ്ദം കുറച്ചു സംസാരിച്ചാലും അടുത്തു നില്ക്കുന്ന ആൾക്ക് കേൾക്കാൻ കഴിയുമല്ലോ, പിന്നെന്തിനു ഉച്ചത്തിൽ അലറണം?"

അവിടെ ശിഷ്യർക്ക് ഉത്തരം മുട്ടി.

അപ്പോൾ ഗുരു പറഞ്ഞു;

"രണ്ടു പേർ കലഹിക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ അടുത്താണെങ്കിലും ഫലത്തിൽ ഏറെ അകലത്തിലായിരിക്കും സ്ഥിതി ചെയ്യുന്നത് . ആ അകൽച്ച മൂലമാണ് ഉച്ചത്തിൽ സംസാരിക്കേണ്ടി വരുന്നത്. നേരെമറിച്ച്, സ്നേഹിക്കുന്ന രണ്ടു പേരെ നോക്കൂ... അവർ എത്ര പതിഞ്ഞ ശബ്ദത്തിലാണ് പരസ്പരം ആശയം കൈമാറുന്നത്! ഹൃദയത്തിന്റെ അടുപ്പം പലപ്പോഴും ശബ്ദത്തിന്റെ ആവശ്യം ഇല്ലാതാക്കും. ഹൃദയങ്ങൾ ഒന്നാകുമ്പോൾ വെറുതെ നോട്ടങ്ങൾ കൊണ്ട് പോലും ആശയ വിനിമയം സാധിക്കും..."

തിരുഹൃദയ കൊന്ത സുകൃതജപമാക്കാം....

***"ഹൃദയശാന്തതയും എളിമയുമുള്ള ഈശോയെ,***
***എന്റെ ഹൃദയം നിന്റെ ഹൃദയം പോലെയാക്കണമേ..."***

.........................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931